**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **998** — 28-04-2017 -ൽ മറുപടിക്ക്

## രൂക്ഷമായ വരൾച്ചയെ നേരിടാൻ നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. എ. പി. അനിൽ കുമാർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. അടൂർ പ്രകാശ്** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി)** |
| എ) | സംസ്ഥാനത്ത് രൂക്ഷമായ വരൾച്ചയെ നേരിടാൻ സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്തെ കാലവർഷത്തിലുണ്ടായ ഗണ്യമായ മഴക്കുറവിനെ തുടർന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശുപാർശ പ്രകാരം 31.10.2016-ൽ സംസ്ഥാനത്തെ മുഴുവൻ ജില്ലകളേയും വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കുകയും തുടർന്ന് വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുമായി ചേർന്ന് ഏകോപിപ്പിച്ച് നടത്തുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. ജില്ലാ തലത്തിലും താലൂക്ക് തലത്തിലും തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലും അവലോകന യോഗങ്ങൾ ചേർന്നുകൊണ്ടും ജില്ലയുടെ ചുമതലയുള്ള മന്ത്രിമാരുടെ സാന്നിധ്യത്തിൽ വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തിയും വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തി വരുന്നു. ജല സംരക്ഷണത്തിനായി താത്കാലിക ചെക്ക് ഡാമുകൾ നിർമ്മിക്കുകയും കിണറുകൾ, കുളങ്ങൾ, കനാലുകൾ എന്നിവ വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ള സ്രോതസുകൾ മലിനമാക്കാതെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. രൂക്ഷമായ വരൾച്ചയെ തുടർന്ന് ജലം ഉപയോഗിക്കുന്നതിന് മുൻഗണനാക്രമം നിശ്ചയിക്കുകയും 2017 മെയ് മാസം അവസാനം വരെ കുടിവെള്ളത്തിന് പ്രഥമ പരിഗണന നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. പൊതുജനങ്ങൾക്ക് സൗജന്യമായി കുടിവെള്ളം ഉറപ്പാക്കുന്നതിനായി ഭൂജലാധിഷ്ഠിത വ്യവസായങ്ങൾക്ക് അവയുടെ ജല ഉപഭോഗം കുറയ്ക്കുന്നതിനും സ്വകാര്യ കുഴൽകിണർ നിർമ്മാണം |

| | | | |
|---|---|---|---|
| | | | നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകി. സംസ്ഥാനത്ത് ആകെ 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും GPS ഘടിപ്പിച്ച ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം നടത്തുന്നതിനും ഭരണാനുമതിയും ഫണ്ടും നൽകിയിരുന്നു. അത് പ്രകാരം വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചും ടാങ്കർ ലോറി വഴിയും കുടിവെള്ള വിതരണം നടത്തിവരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അവയുടെ തനത്/ പ്ലാൻ ഫണ്ട് വിനിയോഗിച്ച് കുടിവെള്ള വിതരണം നടത്തുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലകളുടെ വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ ബഹു:മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ വിവിധ വീഡിയോ കോൺഫറൻസുകൾ വഴി വിലയിരുത്തിയിരുന്നു. സംസ്ഥാനത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31/05/2017 വരെ മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. രൂക്ഷമായ വരൾച്ച നേരിടുന്ന പാലക്കാട് ജില്ലയിൽ മൃഗ സംരക്ഷണ മേഖലയിൽ വെറ്റിനറി ക്യാമ്പ് ആരംഭിക്കുന്നതിന് 35 ലക്ഷം രൂപ അനുവദിച്ച് നൽകി. വരൾച്ച മൂലം സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതു പ്രകാരം കേന്ദ്ര സർക്കാറിന് മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തുന്നതിന് സംസ്ഥാനത്ത് സന്ദർശനം നടത്തിയിരുന്നു. |
| ബി) | വരൾച്ച നേരിടുന്നതിന് ഓരോ ജില്ലക്കും വേണ്ട തുക അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | ബി) | ജില്ലാ കളക്ടർമാരുടെ അഭ്യർത്ഥന പ്രകാരം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡം പാലിച്ചും ആശ്വാസ സഹായം അനുവദിച്ചിരുന്നു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| സി) | ദുരന്ത നിവാരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ വരൾച്ച നേരിടുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയെന്ന് വ്യക്തമാക്കുമോ; | സി) | ദുരന്ത നിവാരണ നിയമത്തിൽ നിഷ്കർഷിക്കുന്നത് പ്രകാരം വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ച് നടത്തുന്നതിന് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ദുരന്ത നിവാരണ നിയമത്തിൽ പ്രതിപാദിക്കുന്നത് പ്രകാരം വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചു വരുകയുമാണ്. വരൾച്ചയെതുടർന്ന് കാട്ടു തീ പടർന്ന സ്ഥലങ്ങളിൽ വായു സേനയുടെ ഹെലികോപ്റ്ററുകൾ ഉപയോഗിച്ച് തീ നിയന്ത്രണ |

| | | | |
|---|---|---|---|
| | | | വിധേയമാക്കിയിരുന്നു. രൂക്ഷമായ വരൾച്ചയെ തുടർന്ന് ജലം ഉപയോഗിക്കുന്നതിന് മുൻഗണനാക്രമം നിശ്ചയിക്കുകയും 2017 മെയ് മാസം അവസാനം വരെ കുടിവെള്ളത്തിന് പ്രഥമ പരിഗണന നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. പൊതുജനങ്ങൾക്ക് സൗജന്യമായി കുടിവെള്ളം ഉറപ്പാക്കുന്നതിനായി ദുരന്ത നിവാരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭൂജലാധിഷ്ഠിത വ്യവസായങ്ങൾക്ക് അവയുടെ ജല ഉപഭോഗം കുറയ്ക്കുന്നതിനും സ്വകാര്യ കുഴൽകിണർ നിർമ്മാണം നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകി. |
| ഡി) | വരൾച്ചാ ദുരിതാശ്വാസം ലഭിക്കുന്നതിനായി കേന്ദ്ര സംഘം കേരളം സന്ദർശിക്കണമെന്നും സഹായം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടോ, ഇതിന്മേൽ കേന്ദ്ര പ്രതികരണം എന്തായിരുന്നുവെന്ന് വിശദീകരിക്കുമോ? | ഡി) | ഉണ്ട്. 2017 മാർച്ച് 28 ന് ബഹു: കേന്ദ്ര കൃഷി മന്ത്രി രാധമോഹൻസിംഗിനെ സന്ദർശിച്ച് ബഹു: റവന്യൂ വകുപ്പ് മന്ത്രിയും, ബഹു: കൃഷി വകുപ്പ് മന്ത്രിയും വരൾച്ചാ മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ഏപ്രിൽ 19 മുതൽ 21 വരെ തീയതികളിൽ വരൾച്ച സ്ഥിതി വിലയിരുത്തുന്നതിനായി കേന്ദ്ര സംഘം കേരളം സന്ദർശിച്ചു. ഇതിൽ കേന്ദ്ര ധനസഹായം ഇതുവരെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | കുടിവെള്ള വിതരണത്തിന് അനുവദിച്ച തുക (കോടിയിൽ) | കൃഷി നാശത്തിന് അനുവദിച്ച തുക (കോടിയിൽ) | മൃഗ സംരക്ഷണ മേഖലയിൽ അനുവദിച്ച തുക (കോടിയിൽ) |
|---|---|---|---|
| തിരുവനന്തപുരം | 2.92 | 1.675 | |
| കൊല്ലം | 2.92 | 1.175 | |
| പത്തനംതിട്ട | 2.92 | 0.675 | |
| ആലപ്പുഴ | 2.92 | 0.925 | |
| കോട്ടയം | 2.92 | 0.925 | |
| ഇടുക്കി | 2.92 | 0.68 | |
| എറണാകുളം | 2.92 | 1.175 | |
| തൃശ്ശൂർ | 2.92 | 1.676 | |
| പാലക്കാട് | 3.96 | 1.43 | 0.35 |
| മലപ്പുറം | 2.92 | 1.675 | |
| കോഴിക്കോട് | 2.92 | 0.925 | |
| വയനാട് | 3.42 | 0.930 | |
| കണ്ണൂർ | 2.92 | 0.925 | |
| കാസറഗോഡ് | 2.92 | 0.675 | |
| **ആകെ** | **42.42** | **15.466** | **0.35** |

സെക്ഷൻ ഓഫീസർ